MALAYATTOOR FOUNDATION
E-69, Sastrinagar, Karamana P O
Thiruvananthapuram - 695 002
E : malayattoorfoundation@gmail.com
M : + 91 944 761 3300, + 91 944 722 1429
www.malayattoorfoundation.org

08-10-2025

**സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ മലയാറ്റൂർ ഫൗണ്ടേഷൻ കേരളത്തിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ചിത്രരചനാ ശില്പശാലയും ചിത്രരചനാ മത്സരവും സംഘടിപ്പിക്കുന്നു.**

2025 നവംബർ 02ന് ഞായറാഴ്ച തിരുവനന്തപുരത്ത് തൈക്കാടുള്ള ഗാന്ധിഭവനിൽ രാവിലെ 10മണി മുതൽ വൈകുന്നേരം 5 മണി വരെ നടത്തുന്ന ശില്പശാല പ്രശസ്ത ചിത്രകാരന്മാരായ ശ്രീ. ബി. ഡി. ദത്തൻ, ശ്രീ. നേമം പുഷ്പരാജ് എന്നിവരാണ് നയിക്കുന്നത്.

നിബന്ധനകൾ

1. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 വിദ്യാർത്ഥികളെയാണ് പ്രതിനിധികളായി പരിഗണിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. അവസാന തിയതി : 2025 ഒക്ടോബർ 25
2. പ്രതിനിധികളായ എല്ലാവർക്കും പങ്കാളിത്ത സർട്ടിഫിക്കറ്റും ചിത്രരചനാ മത്സരവിജയികൾക്ക് പ്രത്യേക സർട്ടിഫിക്കറ്റും നൽകുന്നതാണ്.
3. മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ മലയാറ്റൂർ ഫൗണ്ടേഷൻ ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുന്ന പൊതു സമ്മേളനത്തിൽ നൽകുന്നതാണ്.
4. ചിത്രരചനാ ശില്പശാലയിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥിയുടെ പേര്, മേൽവിലാസം, ജനനതീയതി, പഠിക്കുന്ന സ്കൂൾ, ക്ലാസ്, രക്ഷകർത്താവിന്റെ പേര്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ അപേക്ഷ malayattoorfoundation@gmail.com എന്ന ഇമെയിലിലോ 9447613300 എന്ന വാട്സ്ആപ് നമ്പറിലോ സെക്രട്ടറി, മലയാറ്റൂർ ഫൗണ്ടേഷൻ, E-69, ശാസ്ത്രിനഗർ, കരമന, തിരുവനന്തപുരം 695002 എന്ന വിലാസത്തിലോ അയച്ച് 2025 ഒക്ടോബർ 25ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.
5. പ്രതിനിധികളാകുന്നവർ 2025 നവംബർ 02ന് രാവിലെ 9.30ന് പഠിക്കുന്ന സ്കൂളിലെ ഐഡന്റിറ്റി കാർഡ് സഹിതം ഗാന്ധിഭവനിൽ ഹാജരാകേണ്ടതാണ്.
6. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെ പ്രശസ്ത ചിത്രകാരന്മാർ ചിത്രകലാ ക്ലാസ്സുകൾ നടത്തുന്നതാണ്.
7. ഉച്ചക്ക് ശേഷം 2 മണി മുതൽ 4 മണി വരെയുള്ള ചിത്രരചനാ മത്സരം ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേകമായാണ് നടത്തുന്നത്.
8. ചിത്രരചനക്ക് ആവശ്യമായ പേപ്പർ മാത്രമാണ് നൽകുന്നത്. നിറങ്ങളും ബ്രഷും മറ്റും വിദ്യാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.
9. പ്രതിനിധികൾക്കുള്ള ഭക്ഷണം നൽകുന്നതാണ്.
10. യാത്ര, താമസം എന്നീ ചെലവുകൾ പ്രതിനിധികൾ തന്നെ വഹിക്കേണ്ടതാണ്.

സെക്രട്ടറി
മലയാറ്റൂർ ഫൗണ്ടേഷൻ
9447221429,